LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിൽ ഇ-ഫയലിംഗ്

221 (4853) ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തുമോ;

(ബി) പൊതുമരാമത്ത് വകുപ്പിനെ നവീകരിക്കുവാൻ എന്തെല്ലാം പുതിയ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചീഫ് എഞ്ചിനീയർ ഓഫീസുകളിൽ ഇ-ഫയലിംഗ് സംവിധാനമായ IDEAS സോഫ്റ്റ്വെയർ നടപ്പിലാക്കിയിട്ടുണ്ട്. സമഗ്ര ഇ-ഗവേർണേൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ഫയലിംഗ് സംവിധാനം എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.

(ബി) പൊതുമരാമത്ത് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം ലക്ഷ്യമിട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ പ്രാരംഭം എന്ന നിലയിൽ ടെണ്ടറിംഗ് സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. എസ്റ്റിമേഷൻ, സാങ്കേതികാനുമതി, ഭരണാനുമതി എന്നിവയുള്ള കമ്പ്യൂട്ടർവത്കൃത സംവിധാനം (PRICE software) 1-1-2014 മുതൽ നടപ്പിലാക്കുകയുണ്ടായി. ഇത് ഉടൻ തന്നെ വകുപ്പിലെ മറ്റ് വിഭാഗങ്ങളിലും നടപ്പിലാക്കും. ഇതിനെത്തുടർന്ന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനുള്ള ഇ-ഗവേർണൻസ് സംവിധാനമായി PRICE software-നെ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കൂട്ടിലങ്ങാടി - കുറുവ - കാടാമ്പുഴ പാങ്ങ്വേണ്ടി പാലം

222 (4854) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടിലങ്ങാടി-കുറുവ-കാടാമ്പുഴ റോഡിലെ പാങ്ങ്വേണ്ടി പാലം പുതുക്കി പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പാലം പുതുക്കി പണിയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ വളരെ ശോഷിച്ചതും അപകടാവസ്ഥയിലുമുള്ള പാങ്ങ്വേണ്ടി പാലം പുതുക്കി പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത പാലം പുതുക്കിപണിയുന്നതിന് വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കി വരുന്നു.

പി.ഡബ്ല്യു.ഡി. കരാറുകാർക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക

223 (4855) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതിയോടു കൂടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഏതെല്ലാം പ്രവൃത്തികളാണ് ധനവകുപ്പ് തുക ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രതിസന്ധിയിലായിട്ടുള്ളതെന്ന വിവരം നൽകുമോ;

(ബി) പി.ഡബ്ല്യു.ഡി. കരാറുകാർക്ക് 1-12-2014 വരെ എത്ര തുക കുടിശ്ശിക ഇനത്തിൽ നൽകാനുണ്ടെന്നുള്ള വിവരം നൽകുമോ; ഇതിനായി എന്തെങ്കിലും പാക്കേജ്, പി.ഡബ്ല്യു.ഡി. ധനവകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഭരണാനുമതിയോടുകൂടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തികളൊന്നും തന്നെ പ്രതിസന്ധിയിലായിട്ടില്ല.

(ബി) കരാറുകാർക്ക് കുടിശ്ശികയിനത്തിൽ ദേശീയപാത വിഭാഗത്തിൻ കീഴിൽ 52.43 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ 1403.53 കോടി രൂപയും കെട്ടിടവിഭാഗത്തിൻ കീഴിൽ 327 കോടി രൂപയും (1-1-2014 മുതൽ 30-9-2014 വരെ) നൽകാനുണ്ട്. ഇതിനായി പാക്കേജുകളൊന്നും ധനവകുപ്പിന് സമർപ്പിച്ചിട്ടില്ല. എന്നാൽ ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly